# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2860 — 02.04.2013 ന് മറുപടിയ്ക്ക്

### നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ജമീലാപ്രകാശം | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 22.06.2012-ൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി 28132/റ്റി2/2012/ആർ.ഡി.നമ്പരായി തിരുവനന്തപുരം തഹസീൽദാർക്ക് ഒരു കത്തയച്ചിരുന്നോ;<br>(ബി) എങ്കിൽ ആ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) & (ബി) കത്തയച്ചിരുന്നു. 22.06.2012-ലെ 28132/റ്റി2/ 2012/ആർ.ഡി. നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) പ്രസ്തുത കത്തിലെ നിർദ്ദേശമനുസരിച്ച് നടപടി സ്വീകരിക്കുന്നതിനും ജി.ദീപ എന്ന കുട്ടിക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിനും തിരുവനന്തപുരം തഹസീൽദാർ തയ്യാറായിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ ആയതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ? | (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച 47130/റ്റി2/2012/ആർ.ഡി. നമ്പർ ഫയൽ പിന്നോക്ക സമുദായവികസന വകുപ്പിന്റെ അഭിപ്രായത്തിനായി 03.09.2012ൽ നൽകിയിട്ടുള്ളതും മേൽ വിഷയം ടി.വകുപ്പിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം



# കേരള സർക്കാർ

നം. 28132/റ്റി2/2012/ആർ.ഡി

റവന്യൂ (റ്റി) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 22.06.2012.

പ്രിൻസിപ്പൽ സെക്രട്ടറി,

തഹസീൽദാർ
തിരുവനവന്തപുരം.

സർ,

വിഷയം: റവന്യൂ വകുപ്പ് - നോൺ ക്രീമിലേയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന: (1) തിരുവനന്തപുരം കല്ലിയൂർ പോസ്റ്റിൽ കാക്കാമൂല അനിജാഭവനിൽ ശ്രീമതി. ജി. ദീപ സുതാര്യകേരളം വഴി സമർപ്പിച്ച പരാതി.

2) ലാന്റ് റവന്യൂ കമ്മീഷണറുടെ 13.6.2012-ലെ എൽ.ആർ.എ 6-18651/2012 നമ്പർ കത്ത്

തിരുവനന്തപുരം കല്ലിയൂർ പോസ്റ്റിൽ കാക്കാമൂല അനിജാ ഭവനിൽ ശ്രീമതി. ദീപ.ജി. നോൺ ക്രീമിലേയർ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 15.3.2012-ൽ താങ്കൾക്ക് സമർപ്പിച്ച അപേക്ഷ 2.4.2012-ലെ എ.6-27626/12/കെ.ഡിസ് നമ്പർ കത്തു മുഖേന നിരസിച്ചതായി അറിയിച്ച സാഹചര്യത്തിൽ ടിയാൾ സുതാര്യ കേരളം വഴി സർക്കാരിനു സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിക്കുകയുണ്ടായി. താൻ ഹിന്ദു നാടാർ വിഭാഗത്തിൽപ്പെട്ട യുവതി ആയിരുന്നുവെന്നും വിവാഹശേഷം ലത്തീൻ കത്തോലിക്ക ചർച്ചിലെ അംഗമാണെന്നും പിതാവ് ഹിന്ദു-നാടാർ മതാചാര പ്രകാരമാണ് ജീവിക്കുന്നതെന്നും മാതാവ് മരിച്ചുപോയെന്നും ടിയാൾ അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ലാറ്റിൻ കാത്തലിക് ചർച്ചിലെ അംഗമായതിനാൽ ഹിന്ദു നാടാർ എന്നു കാണിച്ച് നോൺ ക്രീമിലേയർ സർട്ടിഫിക്കറ്റ് അനുവദിക്കാൻ കഴിയില്ല എന്നാണ് ടിയാളെ 2.4.2012-ലെ കത്തിലൂടെ തഹസിൽദാർ അറിയിച്ചിട്ടുള്ളത്. അപേക്ഷകയുടെ ആവശ്യം നോൺ ക്രീമിലേയർ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നതാണ്. ജാതി സർട്ടിഫിക്കറ്റിനുവേണ്ടിയല്ല അപേക്ഷിച്ചിരിക്കുന്നത്. നോൺ ക്രീമിലേയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് മാതാപിതാക്കളുടെ സ്റ്റാറ്റസ് അനുസരിച്ചാണ്.

ഇവിടെ അപേക്ഷകയുടെ പിതാവ് ഹിന്ദു നാടാരാണെന്നും അമ്മ മരിച്ചുപോയതാണെന്നും മണക്കാട് വില്ലേജാഫീസർ റിപ്പോർട്ട് നൽകിയിട്ടുള്ളതായി കാണുന്നുണ്ട്. ഇതുപോലൊരു വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ബീന.എ. എന്നൊരു അപേക്ഷകയ്ക്ക് നോൺ ക്രീമിലേയർ സർട്ടിഫിക്കറ്റ് 9.12.2010-ലെ സ.ഉ.(സാധാ) നം.5314/2010/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. 14.6.2010-ലെ 27396/F3/07/SCSTDD നമ്പർ സർക്കുലറിന്റെ 4-ാം ഖണ്ഡിക പ്രകാരം ഒരാളുടെ നോൺക്രീമിലേയർ സ്റ്റാറ്റസ് കണക്കാക്കുന്നത് അയാളുടെ മാതാപിതാക്കളുടെ സ്റ്റാറ്റസ് അനുസരിച്ചാണെന്നും മറിച്ച് അയാളുടേയോ അയാളുടെ പങ്കാളിയുടെയോ സ്റ്റാറ്റസ് അനുസരിച്ചായിരിക്കരുത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ അപേക്ഷകയായ ശ്രീമതി. ജി. ദീപയുടെ മാതാപിതാക്കളുടെ മാത്രം സ്റ്റാറ്റസും വരുമാനവും പരിഗണിച്ചുകൊണ്ട് 14.6.2010-ലെ 27396/F3/07/SCSTDD നമ്പർ സർക്കുലറിലെ വ്യവസ്ഥകളനുസരിച്ച് അപേക്ഷ പുനഃപരിശോധിച്ച് മേൽ നടപടി സ്വീകരിക്കേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്. അപേക്ഷകയുടെ പരാതിയുടെയും അനുബന്ധങ്ങളുടെയും പകർപ്പും ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജി. അനിൽ കുമാർ,
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്:

1) ശ്രീമതി.ദീപ. ജി, അനിജാ ഭവൻ, കാക്കാമൂല, കല്ലിയൂർ.പി.ഒ., തിരുവനന്തപുരം
2) മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാരസെൽ (സൂചന :25/4/2012-ലെ 8935/CMPGRC/SK/2012- അസ്സൽ പരാതി സഹിതം)
3) ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
4) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

സെക്ഷൻ ഓഫീസർ